15
തിങ്കൾ
മെയ് 2023
1198 ഇടവം 1
പേജ് 14, വില ₹ 8.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

ദേശാഭിമാനി

ESTD. 1942

www.deshabhimani.com
facebook.com/deshabhimani
@DBIDaily
dbitvm@gmail.com

67,069 പേർക്കുകൂടി പട്ടയം

7 വർഷം; 2,98,615 കുടുംബങ്ങൾ ഭൂമിയുടെ അവകാശികൾ

സി എ പ്രേമചന്ദ്രൻ
തൃശൂർ

പതിറ്റാണ്ടുകളുടെ കാത്തിരിപ്പിനൊടുവിൽ സംസ്ഥാനത്ത് 67,069 കുടുംബങ്ങൾകൂടി ഭൂമിയുടെ അവകാശികളായി. പട്ടയവിതരണ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സർക്കാരിന്റെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി തൃശൂരിൽ നടന്ന പട്ടയമേളയിൽ ജില്ലയിൽ 11,221 കുടുംബങ്ങൾക്കും പട്ടയം നൽകി. 42 വർഷമായി പട്ടയത്തിന് കാത്തിരിക്കുന്ന വയോധിക എളനാട് നരിക്കുണ്ട് കുറ്റിപുലി വീട്ടിൽ ഐസു വിനാണ് മുഖ്യമന്ത്രി ആദ്യം പട്ടയം നൽകിയത്. സ്വന്തം ഭൂമിയുടെ അവകാശരേഖ മുഖ്യമന്ത്രിയിൽനിന്ന് ഏറ്റുവാങ്ങുമ്പോൾ ഐസുവിന്റെ കണ്ണുകൾ തിളങ്ങി. "42 വർഷമായി പട്ടയത്തിനായി നെട്ടോട്ടത്തിലായിരുന്നു. ഇപ്പോൾ മുഖ്യമന്ത്രിയെ കാണാനും സാധിച്ചു. അദ്ദേഹത്തിന്റെ കൈകളിൽ നിന്ന് പട്ടയം വാങ്ങാനും സാധിച്ചു. മനസ് നിറഞ്ഞു. വല്ല്യ സന്തോഷം". ഐസുവിന്റെ വാക്കുകൾ നാടിന്റേതായി മാറുകയാണ്.

ഈ വർഷം 40,000 പട്ടയമെന്നതായിരുന്നു ലക്ഷ്യം. എന്നാൽ, 67,069 പട്ടയം ഇതിനകം വിതരണം ചെയ്തതായി മുഖ്യമന്ത്രി പറഞ്ഞു. കഴിഞ്ഞ വർഷം 54,535 പട്ടയവും വിതരണം ചെയ്തു. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ 1,77,011 എണ്ണം ഉൾപ്പെടെ ഏഴുവർഷത്തിനകം 2,98,615 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്തതായും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനതല പട്ടയമേളയിൽ മുഖ്യമന്ത്രി പിണറായി വിജയൻ എളനാട് നരിക്കുണ്ട് കുറ്റിപുലി വീട്ടിൽ ഐസുവിന് പട്ടയം കൈമാറുന്നു. മന്ത്രിമാരായ കെ രാജൻ, കെ രാധാകൃഷ്ണൻ, ആർ ബിന്ദു തുടങ്ങിയവർ സമീപം ഫോട്ടോ കെ എസ് പ്രവീൺ കുമാർ

P05
ആദിവാസികൾക്ക് ഭൂമി നൽകാൻ പ്രത്യേക പരിഗണന

ഇനി കെ സ്റ്റോർ

- മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു
- ഈ വർഷം 1000 സ്റ്റോറുകൾ

സ്വന്തം ലേഖിക
തൃശൂർ

റേഷൻ കടകളുടെ മുഖച്ഛായ മാറ്റുന്ന കെ സ്റ്റോറുകൾ (കേരള സ്റ്റോർ) മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. രണ്ടാം വാർഷികമാഘോഷിക്കുന്ന സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് 108 റേഷൻ കടകൾ കെ സ്റ്റോർ ആയതിന്റെ പ്രഖ്യാപനം. ഈ സാമ്പത്തിക വർഷം 1000 കെ സ്റ്റോറുകൾ ആരംഭിക്കും. സാമൂഹ്യനീതിയിൽ ഊന്നി പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമാണ് കെ സ്റ്റോറുകളെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇ പോസ് മെഷീനുകൾ ഇലക്ട്രോണിക് തുലാസുമായി ബന്ധിപ്പിക്കുന്നതിന്റെ സംസ്ഥാന ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. പൊതുവിതരണ സംവിധാനത്തെ കൂടുതൽ ജനസൗഹൃദമാക്കി മാറ്റാൻ ആവിഷ്കരിച്ച പദ്ധതിയാണ് കെ സ്റ്റോർ. നിലവിലെ റേഷൻ കടകളിൽ പശ്ചാത്തല സൗകര്യം വികസിപ്പിച്ച് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളും പൊതുവിതരണശൃംഖലയിലൂടെ ലഭ്യമാക്കുക യാണ് ലക്ഷ്യം.

10,000 രൂപവരെ ഇടപാട് നടത്താൻ കഴിയുന്ന മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി പേമെന്റ് സംവിധാനം (ഇലക്ട്രിസിറ്റി ബില്ല്, വാട്ടർ ബില്ല് ഉൾപ്പെടെയുള്ളവ അടയ്ക്കാനുള്ള സൗകര്യം), സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ, മിൽമ ഉൽപ്പന്നങ്ങൾ, ചോരാടു ഗ്യാസ് (അഞ്ച് കിലോ തൂക്കമുള്ള പാചക വാതക സിലിൻഡർ) എന്നീ സേവനങ്ങളും കെ സ്റ്റോറുകളിൽ ലഭിക്കും.

കർണാടകത്തിൽ മുഖ്യമന്ത്രിയെ ഖാർഗെ തീരുമാനിക്കും

തുടങ്ങി... തർക്കം

- സിദ്ദരാമയ്യക്കും ശിവകുമാറിനും ചേരിതിരിഞ്ഞ് മുദ്രാവാക്യം വിളി
- പോസ്റ്റർ യുദ്ധവും മുറുകി
- സത്യപ്രതിജ്ഞ വ്യാഴാഴ്ചയെന്ന് റിപ്പോർട്ട്
- 90 എംഎൽഎമാരുടെ പിന്തുണയെന്ന് സിദ്ദരാമയ്യപക്ഷം

ബംഗളൂരു

കർണാടകജനത മികച്ച വിജയം നൽകിയിട്ടും മുഖ്യമന്ത്രിയെ നിശ്ചയിക്കാൻ പതിവ് മുട്ടിടിയുമായി കോൺഗ്രസ്. മുൻ മുഖ്യമന്ത്രിയും മുതിർന്ന നേതാവുമായ സിദ്ദരാമയ്യക്കും സംസ്ഥാന അധ്യക്ഷൻ ഡി കെ ശിവകുമാറിനുംവേണ്ടി അണികൾ പരസ്യഅവകാശവാദം ഉന്നയിച്ചതോടെ ഹൈക്കമാൻഡ് നിരീക്ഷകരെ നിയോഗിച്ചു. നിരീക്ഷകരായ മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രി സുശീൽകുമാർ ഷിൻഡെ, ജിതേന്ദ്ര സിങ് അൽവാർ, ദീപക് ബാബറിയ എന്നിവരുടെ സാന്നിധ്യത്തിൽ നിയമസഭാകക്ഷി യോഗം ചേർന്നെങ്കിലും യോജിച്ച തീരുമാനം എടുക്കാനായില്ല. തുടർന്ന് തീരുമാനം കോൺഗ്രസ് അധ്യക്ഷൻ ഖാർഗെയ്ക്ക് വിട്ട് പ്രമേയം അംഗീകരിച്ചു. അതിനിടെ യോഗം നടന്ന ബംഗളൂരുവിലെ ഹോട്ടലിനു പുറത്ത് ഇരുനേതാക്കൾക്കുവേണ്ടി അണികൾ ചേരിതിരിഞ്ഞ് മുദ്രാവാക്യം മുഴക്കി. ഇരുവർക്കും വേണ്ടി പോസ്റ്റർ, ഫ്ലക്സ് പ്രചാരണവും തകൃതിയാണ്. യോഗത്തിന് ശേഷം നിരീക്ഷകർ എംഎൽഎമാരെ ഒറ്റയ്ക്ക് ഒറ്റയ്ക്ക് കണ്ട് അഭിപ്രായം ആരാഞ്ഞു. ഭൂരിപക്ഷം എംഎൽഎമാരും സിദ്ദരാമയ്യയെ പിന്തുണച്ചതായാണ് റിപ്പോർട്ട്. വ്യാഴാഴ്ച സത്യപ്രതിജ്ഞ ഉണ്ടാകുമെന്ന് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുണ്ട്.

നിയമസഭാകക്ഷി യോഗത്തിൽ സിദ്ധരാമയ്യയും ഡി കെ ശിവകുമാറും

അവസാനത്തെ തെരഞ്ഞെടുപ്പാണെന്നും ഇനി മത്സരിക്കാനില്ലെന്നും കഴിഞ്ഞ ദിവസം പ്രതികരിച്ച സിദ്ദരാമയ്യ മുഖ്യമന്ത്രിയാകാൻ താൽപ്പര്യമുണ്ടെന്ന പ്രഖ്യാപനമാണ് നടത്തിയത്. അച്ഛനെ മുഖ്യമന്ത്രിയാക്കണമെന്ന് യതീന്ദ്ര സിദ്ദരാമയ്യ ആദ്യഫലസൂചന വന്നപ്പോഴേ ആവശ്യപ്പെട്ടു. 135ൽ 90 എംഎൽഎമാരുടെയും പിന്തുണ അവകാശപ്പെട്ട് സിദ്ദരാമയ്യ അനുകൂലികളായ നേതാക്കൾ ദേശീയനേതൃത്വവുമായി വിലപേശുന്നു.

എന്നാൽ, കോൺഗ്രസ് വിജയത്തിന് ചുക്കാൻ പിടിച്ചത് ഡി കെ ശിവകുമാറാണെന്ന് അദ്ദേഹത്തെ അനുകൂലിക്കുന്നവർ വാദിക്കുന്നു. സംസ്ഥാനത്ത് കോൺഗ്രസ് പ്രതിസന്ധി നേരിട്ടപ്പോഴൊക്കെ രക്ഷകനായി അവതരിച്ച ഡി കെ ശിവകുമാറിനെ എളുപ്പത്തിൽ തഴയാനും ഹൈക്കമാൻഡിനാകില്ല. മുഖ്യമന്ത്രിപദം ഇരുവർക്കുമായി തുല്യകാലത്തേക്ക് പങ്കുവച്ച് നൽകണമെന്ന ആവശ്യവും ശക്തമാണ്.

സിദ്ദരാമയ്യയുമായി ഭിന്നതയില്ലെന്ന് ശിവകുമാർ പ്രതികരിച്ചു. കോൺഗ്രസനുവേണ്ടി പല സ്ഥാനമാനങ്ങളും ഉപേക്ഷിച്ചിട്ടുണ്ടെന്നും ഇനിയും അത് തുടരുന്നതിൽ തനിക്ക് പ്രശ്നമില്ലെന്നും അദ്ദേഹം പറഞ്ഞു.

പൊതുതെരഞ്ഞെടുപ്പിന് മുമ്പ് 5 സംസ്ഥാനങ്ങളിൽ 'സെമിഫൈനൽ'
P07

ഊരാളുങ്കലിന് ഐഎസ്ആർഒ അംഗീകാരം

- യുഎൽ സ്പെയ്സ് ക്ലബ്ബിന് ഐഎസ്ആർഒ യുടെ സ്പെയ്സ് ട്യൂട്ടർ രജിസ്ട്രേഷൻ

വി എസ് വിഷ്ണു പ്രസാദ്
തിരുവനന്തപുരം

ഏഷ്യയിലെതന്നെ വലിയ തൊഴിലാളി സഹകരണ സംഘമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ സംരംഭമായ 'യുഎൽ സ്പെയ്സ് ക്ലബ്ബിന് ചരിത്രനേട്ടം. ബഹിരാകാശ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് ഐഎസ്ആർഒയുടെ രജിസ്റ്റേഡ് സ്പെയ്സ് ട്യൂട്ടറായി യുഎൽ സ്പെയ്സ് ക്ലബ്ബിന് അംഗീകാരം ലഭിച്ചു.ലാഭേച്ഛയില്ലാതെ ബഹിരാകാശ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക്

രണ്ടുവർഷം മുമ്പാണ് ഐഎസ്ആർഒ അംഗീകാരം നൽകിത്തുടങ്ങിയത്. കേരളത്തിൽനിന്ന് ഈ അംഗീകാരം നേടുന്ന ആദ്യ പൊതു ഏജൻസിയാണ് യുഎൽ സ്പെയ്സ് ക്ലബ്.

ഈ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന ബഹിരാകാശ വിദ്യാഭ്യാസ പരിപാടികൾക്ക് ഐഎസ് ആർഒയുടെ പിന്തുണയുണ്ടാകും. ഐഎസ്ആർഒയുടെ ലോഗോ ഉപയോഗിക്കുന്നതിനും അവസരം നൽകും. പഠനോപാധികൾ, സർട്ടിഫിക്കറ്റുകൾ എന്നിവയും ഐഎസ്ആർഒ നൽകും.

യുഎൽ സ്പെയ്സ് ക്ലബ് പ്രവർത്തനമാരംഭിച്ചിട്ട് എട്ടുവർഷമായി. കേരളമുൾപ്പെടെ ഇന്ത്യയിലെ പത്തു സംസ്ഥാനങ്ങളിൽനിന്നുള്ള വിദ്യാർഥികൾ ക്ലബ്ബുമായി സഹകരിക്കുന്നുണ്ട്. ഐസ്ആർഒ മുൻ ഡയറക്ടർ ഇ കെ കുട്ടിയാണ് ക്ലബ്ബിന്റെ സ്ഥാപകനും മാർഗദർശിയും. മംഗൾയാൻ, ചാന്ദ്രയാൻ തുടങ്ങിയ അഭിമാന പദ്ധതികളിൽ പങ്കാളികളായ ശാസ്ത്രജ്ഞരും ക്ലബ്ബുമായി സഹകരിക്കുന്നുണ്ട്. വിദ്യാർഥികളുമായി ഐഎസ്ആർഒ സെന്റർ സന്ദർശിക്കുമ്പോൾ വിഎസ്എസ്സി ഡയറക്ടർ, ഐഎസ്ആർഒ ചെയർമാൻ എന്നിവരുമായി നേരിട്ട് സംവദിക്കാനും അവസരം ലഭിക്കാറുണ്ട്.അടിസ്ഥാന സൗകര്യവികസനം, ഐടി, വിനോദസഞ്ചാരം, കരകൗശലം തുടങ്ങിയ നിരവധി മേഖലകളിൽ ഇന്ത്യക്കുതന്നെ അഭിമാനമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി.

P07
തീരം തൊട്ട് മോക്ക

ഫോർട്ട് കൊച്ചിയിൽ യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിൽ സംവാദ പരിപാടിക്കെത്തിയ അരുന്ധതി റോയി സദസ്സിനെ ഇൻക്വിലാബ് സിന്ദാബാദ് മുഴക്കി അഭിവാദ്യം ചെയ്യുന്നു. കൈകസി വി എസ് സമീപം (വാർത്ത പേജ് : 11)

പ്രതിയെ പിടിക്കുന്നതിനിടെ എസ്ഐ വീണ് മരിച്ചു

- അപകടം ചീട്ടുകളിസംഘത്തെ പിടികൂടാനുള്ള ശ്രമത്തിനിടെ

സ്വന്തം ലേഖകൻ
പാലാ

ചീട്ടുകളിസംഘത്തെ പിടികൂടാനുള്ള ശ്രമത്തിനിടെ കെട്ടിടത്തിന് മുകളിൽനിന്ന് വീണ് എസ്ഐ മരിച്ചു. രാമപുരം എസ്ഐ പൊൻകുന്നം ഇരുപതാംമൈൽ കടുക്കാമല വാഴേപ്പറമ്പിൽ ജോബി ജോർജ് (51) ആണ് മരിച്ചത്.

ശനി രാത്രി 11നാണ് സംഭവം. രാമപുരം ബസ്സ്റ്റാൻഡിന് സമീപം അതിഥി തൊഴിലാളികൾ താമസിക്കുന്ന കെട്ടിടത്തിൽ ചീട്ടുകളിയുണ്ടെന്ന വിവരത്തെതുടർന്നാണ് പൊലീസ് എത്തിയത്. പൂട്ടിയ വാതിൽ ചവിട്ടിത്തുറക്കാൻ ശ്രമിക്കുന്നതിനിടെ രണ്ടാം നിലയിലെ ഇടനാഴിയിൽനിന്ന് താഴേക്ക് വീഴുകയായിരുന്നു. ഉടൻ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. സംസ്കാരം ചൊവ്വാഴ്ച പൊൻകുന്നം തിരുക്കുടുംബ ഫൊറോനാപള്ളി സെമിത്തേരിയിൽ. ഭാര്യ: ബിന്ദു. മകൾ: അൽഫോൺസ (ഒമ്പതാം ക്ലാസ് വിദ്യാർഥിനി, സെന്റ് ജോസഫ് പബ്ലിക് സ്കൂൾ കാഞ്ഞിരപ്പള്ളി).ജോബി ജോർജിന്റെ മരണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

ജോബി ജോർജ്

കർണാടക ഡിജിപിയെ സിബിഐ ഡയറക്ടറാക്കി കേന്ദ്രം

ന്യൂഡൽഹി

ബിജെപിക്കായി കോൺഗ്രസ് നേതാക്കളെ വേട്ടയാടിയെന്ന് ആക്ഷേപമുള്ള കർണാടക ഡിജിപി പ്രവീൺ സൂദ് സിബിഐയുടെ പുതിയ ഡയറക്ടർ. കർണാടക നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപി തോറ്റ് മണിക്കൂറുകൾക്കകമാണ് സൂദിന്റെ നിയമനഉത്തരവ് കേന്ദ്രസർക്കാർ പുറത്തിറക്കിയത്. പ്രധാനമന്ത്രി യുടെ അധ്യക്ഷതയിൽ ചേർന്ന തെരഞ്ഞെടുപ്പ് സമിതി ശനിയാഴ്ച വൈകിട്ടുതന്നെ സൂദിന്റെ നിയമനം അംഗീകരിച്ചു. ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡിനെ കൂടാതെ മൂന്നംഗ സമിതിയിൽ അംഗമായ ലോക്സഭാ പ്രതിപക്ഷ കക്ഷിനേതാവ് അധീർ രഞ്ജൻ ചൗധരി നിയമനത്തെ എതിർത്തു.

നിലവിലെ ഡയറക്ടർ സുബോധ് കുമാർ ജയ്സ്വാളിന്റെ സേവന കാലാവധി 25ന് അവസാനിക്കും.

അധികാരത്തിലെത്തിയാൽ സൂദിനെതിരെ നടപടിയെടുക്കുമെന്ന് കോൺഗ്രസ് പ്രഖ്യാപിച്ചിരുന്നു

പ്രവീൺ സൂദ്

രണ്ടുവർഷത്തേക്കാണ് 1986 ഐപിഎസ് ബാച്ച് അംഗമായ സൂദിന്റെ നിയമനം. അധികാരം കിട്ടിയാൽ, ബിജെപി ഏജന്റായി പ്രവർത്തിച്ച സൂദിനെതിരെ കടുത്ത നടപടി എടുക്കുമെന്ന് കർണാടക പിസിസി പ്രസിഡന്റ് ഡി കെ ശിവകുമാർ പ്രഖ്യാപിച്ചിരുന്നു.

മധ്യപ്രദേശ് ഡിജിപി സുധീർ കുമാർ സക്സേന, ഫയർ സർവീസ് ഡയറക്ടർ ജനറൽ താജ് ഹസ്സൻ എന്നിവരാണ് ചുരുക്കപ്പട്ടികയിൽ ഉണ്ടായിരുന്ന മറ്റുരണ്ടുപേർ.